LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1) (ഡി) പ്രകാരവും 2011-ലെ 97-ാം ഭരണഘടനാ ഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയും സഹകരണ സംഘം രജിസ്ട്രാറുടെ 25-9-2015-ലെ CS(1) 25788/2015 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറെ കൺസ്യൂമർ ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഫെഡറേഷന്റെ ഘടന, പ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റി സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിനും സഹകരണ സംഘം രജിസ്ട്രാർ അന്വേഷണ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(ബി) അന്വേഷണ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കൺസ്യൂമർഫെഡിന്റെ 2010-11 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 1066.75 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 1527.30 കോടി രൂപയുമാണ്. ഇവ തമ്മിലുള്ള അന്തരം 460.55 കോടി രൂപയാണ്.

(ഡി) ഉത്സവകാലങ്ങളിൽ മാത്രമാണ് സബ്സിഡി നിരക്കിൽ കൺസ്യൂമർഫെഡ് വഴി പലവ്യഞ്ജനങ്ങൾ വിൽപ്പന നടത്തിവരുന്നത്. ഇപ്പോൾ പലവ്യഞ്ജനങ്ങൾക്ക് സബ്സിഡി നൽകുന്നില്ലെങ്കിലും മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് സാധനങ്ങൾ വിതരണം ചെയ്യുവരുന്നത്.

മുട്ടത്തറയിൽ എൻജിനീയറിംഗ് കോളേജ്

179 (546) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം - മുട്ടത്തറയിൽ കേപ്പിന്റെ ആഭിമുഖ്യത്തിൽ പുതിയ എൻജിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി ;

(ബി) കേരള സാങ്കേതിക സർവ്വകലാശാലയുടെ അഫിലിയേഷൻ കിട്ടാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്ത് മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) ആഭിമുഖ്യത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള സാങ്കേതിക സർവ്വകലാശാല 2016-17 അദ്ധ്യയന വർഷത്തിലേക്ക് പുതിയ കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതാണ്.

മുട്ടത്തറയിലെ കേപ്പ് എഞ്ചിനീയറിംഗ് കോളേജ്

180 (547) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) എഞ്ചിനീയറിംഗ് കോളേജിന് എന്നാണ് മുഖ്യമന്ത്രി തറക്കല്ലിട്ടതെന്നും പ്രസ്തുത കോളേജിൽ എന്നു മുതൽ ക്ലാസ്സുകൾ ആരംഭിക്കുമെന്നാണ് പ്രസ്തുത ചടങ്ങിൽ പ്രഖ്യാപിച്ചതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

എഞ്ചിനീയറിംഗ് കോളേജിന് 4-12-2013-ലാണ് തറക്കല്ലിട്ടത്. ക്ലാസ്സുകൾ എന്നാരംഭിക്കുമെന്ന് പ്രഖ്യാപിച്ചതായി അറിയില്ല.

പൊതുവിപണിയിലെ വിലക്കയറ്റം

181 (548) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; പ്രസ്തുത നടപടികളിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ടോ ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന് കഴിയാതെപോയ സാഹചര്യം വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly